## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 631 — 29/06/2011 - ൽ മറുപടിക്ക്.

### ദേശീയ ജലപാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഉൾനാടൻ ജലഗതാഗതത്തിന് പ്രാധാന്യം നൽകിയുള്ള ദേശീയ ജലപാതയുടെ പുനർനിർമ്മാണ പ്രവർത്തികൾ ഏതു ഘട്ടം വരെയായി എന്ന് അറിയിക്കുമോ ; | : | **നൽകിയ മറുപടി**<br>(എ) വിവരം ശേഖരിച്ചു വരുന്നു.<br>**പുതുക്കിയ മറുപടി**<br>(എ) 23 കി.മീ. ഉദ്യോഗമണ്ഡൽ കനാൽ, 14 കി.മീ. ചമ്പക്കര കനാൽ, കൊച്ചി-ആലപ്പുഴ പാതയിലെ 62 കി.മീ. എന്നീ ജലപാതകളുടെ വികസന പ്രവൃത്തി പൂർത്തിയായി. കേരളത്തിലെ ആകെ 205 കി.മീ. ദേശീയ ജലപാതയിൽ ഇനി 22 കിമീ. - ന്റെ വികസന പ്രവൃത്തി മാത്രമേ അവശേഷിക്കുന്നുള്ളൂ. ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്ക് 18 കി.മീ.ഉം കൊച്ചി-കോട്ടപ്പുറം സ്ട്രെച്ചിൽ 4 കി.മീ.റുമാണ് അവ. |
| (ബി) പ്രസ്തുത ജലപാതയുടെ പുനർ നിർമ്മാണം എപ്രകാരമായിരുന്നു വിഭാവനം ചെയ്തിരുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | : | **നൽകിയ മറുപടി**<br>(ബി) വിവരം ശേഖരിച്ചു വരുന്നു.<br>**പുതുക്കിയ മറുപടി**<br>(ബി) ഒരു കരാർ ഏജൻസി മുഖേന 2013 ജനുവരിയ്ക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ കൊച്ചി-കോട്ടപ്പുറം ഭാഗത്ത് ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ടും ആഴം കൂട്ടൽ പ്രവൃത്തി നടത്തി വരുന്നു. |
| (സി) ദേശീയ ജലപാതയുട സുഗമമായ നിർമ്മാണ പ്രവർത്തികൾക്ക് ഏതെങ്കിലും വിധത്തിൽ തടസ്സം നേരിടുകയുണ്ടായോ ; എങ്കിൽ എന്താണ് കാരണം ; | : | **നൽകിയ മറുപടി**<br>(സി) വിവരം ശേഖരിച്ചു വരുന്നു.<br>**പുതുക്കിയ മറുപടി**<br>(സി) ഉണ്ടായിട്ടുണ്ട്. കുഴിച്ചെടുക്കപ്പെടുന്ന മണ്ണിനു വേണ്ടിയുള്ള പ്രാദേശികവാസികളുടെ തർക്കങ്ങൾ കാരണവും മൽസ്യത്തൊഴിലാളികൾ വിരിച്ചിരിക്കുന്ന വലകൾ മാറ്റുന്നതിനുള്ള വിസമ്മതം മുഖേനയും ജലപാത വികസനത്തിന് തടസ്സം നേരിടുന്നുണ്ട്. |

| | | |
|---|---|---|
| (ഡി) പ്രസ്തുത പാതയുടെ നിർമ്മാണ പ്രവർത്തികൾക്കുള്ള ഫണ്ട് ലഭ്യത എപ്രകാരമാണ് ; ഫണ്ടിന്റെ അഭാവം നിർമ്മാണത്തിന് തടസ്സമായിട്ടുണ്ടോ ; | : | **<u>നൽകിയ മറുപടി</u>**<br><br>(ഡി) വിവരം ശേഖരിച്ചു വരുന്നു.<br><br>**<u>പുതുക്കിയ മറുപടി</u>**<br><br>(ഡി) ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയം അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ദേശീയ ജലപാതാ വികസനം നടത്തുന്നത്. ഫണ്ടിന്റെ അഭാവം നിർമ്മാണത്തിന് തടസ്സമായിട്ടില്ല. |
| (ഇ) പ്രസ്തുത ജലപാത വികസനത്തിന് അനുവദിച്ചു കിട്ടിയ പണം മറ്റേതെങ്കിലും പ്രവർത്തികൾക്ക് വകമാറ്റിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | : | **<u>നൽകിയ മറുപടി</u>**<br><br>(ഇ) വിവരം ശേഖരിച്ചു വരുന്നു.<br><br>**<u>പുതുക്കിയ മറുപടി</u>**<br><br>(ഇ) ഇല്ല. |
| (എഫ്) ഉൾനാടൻ ജലഗതാഗതത്തിന് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ദേശീയ ജലപാതയുടട നിർമ്മാണം സമയബന്ധിത മായി തീർക്കുന്നതിന് കർശന നടപടി സ്വീരിക്കുമോ ? | : | **<u>നൽകിയ മറുപടി</u>**<br><br>(എഫ്) വിവരം ശേഖരിച്ചു വരുന്നു.<br><br>**<u>പുതുക്കിയ മറുപടി</u>**<br><br>(എഫ്) കുഴിച്ചെടുക്കപ്പെടുന്ന മണ്ണ് നിക്ഷേപി ക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതോടൊപ്പം ആഴം കൂട്ടുന്നതിന് തടസ്സമായ മൽസ്യത്തൊഴിലാളികളുടെ വലകൾ നീക്കം ചെയ്തുകൊണ്ട് സമയബന്ധിതമായി ദേശീയ ജലപാതാ വികസനം പൂർത്തീകരിക്കാനാവും. |

സെക്ഷൻ ഓഫീസർ